# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 650 — 12.07.2012-ൽ മറുപടിയ്ക്ക്

<u>എന്റെ മരം പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>,, വി. പി. സജീന്ദ്രൻ<br>,, കെ. അച്ചുതൻ<br>,, എ.റ്റി. ജോർജ്ജ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ;സ്കൂളുകളിലെ എന്റെ മരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | എ) ആഗോള താപനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാൻ ധാരാളം മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് 1 മുതൽ 9 വരെയുള്ള ക്ലാസുകളിലെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി വിവിധയിനം വൃക്ഷതൈകൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് 'എന്റെ മരം' പദ്ധതി. സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന്റെയും വൃക്ഷ സമ്പത്തിന്റെയും പ്രാധാന്യം കുഞ്ഞു നാളിലേ കുട്ടികളിൽ വളർത്തിയെടുക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| ബി) ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ L.P, U.P, H.S തലത്തിലുള്ള സ്കൂളുകളിലൂടെ ഈ പദ്ധതി നടപ്പാക്കുന്നു. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | സി) സംസ്ഥാന വനം വകുപ്പും, വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്.ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുള്ള 1 മുതൽ 9 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് |

വനംവകുപ്പ് സൗജന്യമായി തൈ വിതരണം നട ത്തുന്നു. തൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും വനം വകുപ്പ് അവർക്ക് നൽകുന്നു. തൈ വിതരണം നടത്തു ന്നതിനുള്ള ചുമതല വഹിക്കുന്നതും നട്ടു പിടിപ്പി ക്കുന്ന തൈകളുടെ പരിചരണവും തൈ വിതര ണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കു ന്നതും സ്കൂൾ അധികൃതരാണ്.

കുട്ടികളിൽ പരിസ്ഥിതി സംരക്ഷണത്തിലും വൃക്ഷ സംരക്ഷണത്തിലും അവബോധം സൃഷ്ടിക്കുന്നതിന് രണ്ട് വകുപ്പുകളും സംയോജിതമായി പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ